ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu,
Bannerghtta Road, Bengaluru – 560 076, Karnataka, India

Ref. M/BP/CIR/3.2026 June 06, 2026

# സർക്കുലർ

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സന്യസ്തരേ, മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ,

''നിനക്ക് എന്റെ കൃപ മതി'' - അതീവസൗന്ദര്യമുള്ള ഈ വാക്കുകൾ ഹൃദയത്തിന്റെ ആഴത്തിൽനിന്ന് പെറുക്കിയെടുത്ത് ലോകത്തിന്റെ ആത്മാവിലേക്കും മാമ്മോദീസാ സ്വീകരിക്കുന്ന എല്ലാ വ്യക്തികളുടേയും ചുണ്ടിലേക്ക് വച്ചുനൽകിയത് ക്രിസ്തുവിനെ പ്രണയിച്ച പൗലോസ് ശ്ലീഹായാണ്. ശ്വാസം മുട്ടിക്കുന്ന, ക്ലേശകരമായ, സങ്കടപൂർണ്ണമായ അവസ്ഥയിൽ നിന്നാണ് പൗലോസ് ശ്ലീഹാ ഈ അനുഗ്രഹവചനം ഉരുവിട്ടത്. തനിക്ക് എല്ലാം നഷ്ടപ്പെട്ടാലും ദൈവത്തിന്റെ കൃപ ഒന്നുകൊണ്ടു മാത്രം ജീവിച്ചുകൊള്ളാമെന്ന് ആഴത്തിൽ വിശ്വസിച്ച ഒരു ക്രിസ്തുശിഷ്യൻ. മതബോധനത്തിലൂടെ കടന്നുപോകുന്ന ഏതൊരു മകനോ മകളോ എത്തിച്ചേരേണ്ട വിശ്വാസബോധ്യമാണ് പൗലോസ് ശ്ലീഹാ വിളിച്ചുപറഞ്ഞത്.

വളരെ ചെറുപ്പത്തിലെ അമ്മയെ നഷ്ടപ്പെട്ട വിശുദ്ധ കൊച്ചുത്രേസ്യ ഉറക്കെ പറഞ്ഞതും അതുതന്നെയാണ്. ''പിതാവായ ദൈവപിതാവും അമ്മയായ പരിശുദ്ധ മേരിയും എനിക്കുണ്ടല്ലോ. അവർ മതി എനിക്ക്''. മണ്ണിലേക്ക് നോക്കിയാൽ കൊച്ചുത്രേസ്യ കരഞ്ഞു പോയേനേ. അവൾ വിണ്ണിലേക്ക് നോക്കി. അപ്പോൾ അവിടെ നമുക്കുവേണ്ടി സ്തുതിഗീതങ്ങൾ പാടുന്ന മാലാഖാമാർ, മാധ്യസ്ഥ്യം വഹിക്കുന്ന പുണ്യവാന്മാർ എന്നിങ്ങനെ ഹൃദയത്തിന്റെ ആഴങ്ങളെ ആനന്ദിപ്പിക്കുന്ന കാഴ്ചയാണ് കണ്ടത്. കൊച്ചുത്രേസ്യ പറഞ്ഞു: ''അവിടുത്തെ കൃപ മതി എനിക്ക് ഭൂമിയിലെ ഏതു ദുഃഖവും കൊടുങ്കാറ്റും ബുദ്ധിമുട്ടുകളും ഞാൻ സഹിച്ചുകൊള്ളാം. അങ്ങ് എന്റെ കൂടെയുണ്ടെന്നുള്ള ബോധ്യം മാത്രം മതി''.

വിശ്വാസപരിശീലനം എന്നത് മുകളിൽ പറഞ്ഞ കാര്യം അവരെ പറഞ്ഞ്, കാണിച്ചു കൊടുത്ത്, ബോധ്യപ്പെടുത്തി ജീവിതത്തിലേക്ക് ഒരുക്കുവാനുള്ള സമയമാണ്. ജീവിതം കുഞ്ഞുമക്കൾക്ക് പറഞ്ഞറിയിക്കുവാൻ പറ്റാത്ത രീതിയിലുള്ള സങ്കടങ്ങൾ നൽകും. പരാജയങ്ങൾ അവരെ അധൈര്യരാക്കും. പ്രലോഭനങ്ങൾ അവരെ വേട്ടയാടും. കൗതുകങ്ങൾ അവരുടെ ഹൃദയത്തെ കീഴടക്കും. എല്ലാം പരീക്ഷിക്കുവാനുള്ള ആഗ്രഹങ്ങൾ പടുകുഴികളിലേക്ക് അവരെ വീഴിക്കും. ചിലപ്പോഴെല്ലാം അവരുടെ സുഹൃത്തുക്കൾ അവരെ നാശത്തിലേക്ക് നയിക്കും. അതിന്റെയെല്ലാം ഇടയിൽ ''നിനക്ക് എന്റെ കൃപ മതി'' എന്നുപറഞ്ഞ് ഉയർന്നു പൊങ്ങാൻ സഹായിക്കുന്നത് ആയിരിക്കണം നമ്മുടെ വിശ്വാസപരിശീലനം.

മാതാപിതാക്കന്മാരെ, ഈ കുഞ്ഞുങ്ങളെ ഒരുക്കി ദേവാലയത്തിലേക്ക് കൊണ്ടുവന്ന്, വിശ്വാസപരിശീലനസമയം തീരുന്നതുവരെ അവർക്കുവേണ്ടി കാത്തുനിൽക്കുന്ന നിങ്ങളെ ഞാൻ വണങ്ങുന്നു. സഭാമാതാവിന് നൽകുന്ന വലിയൊരു സമ്മാനമാണിത്. നാളത്തെ ലോകം ഇന്നത്തെ ലോകത്തേക്കാൾ മെച്ചപ്പെടുത്തുവാൻ ക്രിസ്തുവിനെ അറിയുന്ന ഈ മക്കൾ കാരണമായി തീരും. ഈശോ നിങ്ങളെ സ്നേഹിക്കുന്നു.

വിശ്വാസ പരിശീലന കളരി ഒരുക്കി കുരുന്നുകളെ ദേവാലയത്തിലേക്ക് സ്വാഗതം ചെയ്യുന്ന വികാരിയച്ചന്മാരെ, കൊച്ചച്ചന്മാരെ, സിസ്റ്റേഴ്സ്, ബ്രദേഴ്സ് നിങ്ങളെ എന്റെ വാത്സല്യം അറിയിക്കുന്നു. നിങ്ങളുടെ കണ്ണുകളിലെ കരുണയും, നിങ്ങളുടെ വാക്കുകളിലെ മാധുര്യവും ഈ കുരുന്നുകളെ ബലപ്പെടുത്തും. സ്കൂൾ അന്തരീക്ഷത്തിൽ നിന്ന് വ്യത്യസ്തമായി ഒരു സാഹചര്യം ദേവാലയത്തിലുണ്ടാകണം. ചിട്ടകളേക്കാൾ കൂടുതലായി ദൈവമക്കളുടെ സ്വാതന്ത്ര്യം, കർശന നടപടികളേക്കാൾ സ്നേഹമാർന്ന സമീപനം, ഉയർന്ന വിജയത്തേക്കാൾ കുട്ടികളുടെ സമീപനത്തിൽ വരുന്ന വ്യത്യാസം, ഇടവകയുടെ പേരിനേക്കാൾ കുട്ടികളുടെ മുഖത്ത് വിരിയുന്ന പുഞ്ചിരി ഇവയെല്ലാം നാം ഉന്നം വയ്ക്കണം. വിശ്വാസ പരിശീലനവുമായി ബന്ധപ്പെട്ട് ഒരു കുട്ടിയുടെ പോലും കണ്ണുനീർ നമ്മുടെ പള്ളിയിൽ വീഴുവാൻ ഇടയാകരുത്. നിങ്ങൾക്ക് മാത്രമേ അവരെ ചേർത്തു നിർത്തുവാൻ സാധിക്കൂ.

പ്രിയ കൈക്കാരന്മാരേ, പാരിഷ് കൗൺസിൽ അംഗങ്ങളേ, ഇടവകയുടെ ശ്വാസകോശം എന്നുപറയുന്നത് വിശ്വാസപരിശീലനത്തിന് വരുന്ന കുട്ടികളാണ്. അവരുടെ പരിശീലനത്തിനുവേണ്ടി ഇടവക വരുമാനത്തിന്റെ പത്ത് ശതമാനം വരെ ഒരുമിച്ച് ചേർന്ന് ചർച്ച ചെയ്ത് വിനിയോഗിക്കാം. ചിലപ്പോഴൊക്കെ അവർക്ക് നൽകുന്ന ആഹാരം, അവരെ ഒരുമിപ്പിച്ചുള്ള പരിപാടികൾ, സമ്മാനങ്ങൾ, അധ്യാപകർക്ക് പരിശീലനത്തിന് പോകുമ്പോഴുള്ള ചിലവ്, എല്ലാ ഞായറാഴ്ച്ചയും അവർക്ക് നൽകുന്ന കാപ്പി, അധ്യാപകർക്ക് വാർഷിക പിക്നിക് ഇവയെല്ലാം നടത്തപ്പെടുന്നുണ്ടെന്ന് വികാരിയച്ചനോട് ചേർന്ന്, മതാധ്യാപകരോട് ചേർന്ന് നിങ്ങൾ ഉറപ്പുവരുത്തണം. നിങ്ങൾ ഇടവകയുടെ നിയമാനുസൃതമായ പ്രവർത്തനസമിതിയാണ്. മണ്ഡ്യരൂപതയുടെ പാരിഷ് കൗൺസിലുകളെല്ലാം ഈ കാര്യത്തിൽ ബഹുദൂരം മുന്നിലാണെന്ന കാര്യം എന്റെ സന്തോഷം വർദ്ധിപ്പിക്കുന്നു.

പ്രിയപ്പെട്ട ഇടവകജനങ്ങളേ, കുഞ്ഞുങ്ങൾ നമ്മുടെ ഇടവകയുടെ പുണ്യമാണ്, ദാനമാണ്. അവരുടെ കരച്ചിലും പൊട്ടിച്ചിരിയുമാണ് ഇടവകയുടെ താളം. ഞായറാഴ്ച്ചകളിലാണ് അവർക്ക് പലപ്പോഴും പള്ളിയിൽ വരുവാൻ സാധിക്കുക. കുഞ്ഞുങ്ങളെ നമുക്ക് എപ്പോഴും ബഹുമാനത്തോടെ കാണാം. അവർ അനുസരണക്കേട് കാണിച്ചാലും ക്ഷമയോടെ അത് ഉൾക്കൊള്ളണം. അവരെ അനാവശ്യമായി വഴക്ക് പറയരുത്. സ്കൂളിൽ അവർക്ക് ആവശ്യത്തിലേറെ തിരുത്തലും ഉപദേശവും സമ്മർദ്ദവും കിട്ടുന്നുണ്ട്. ഈശോയുടെ ദേവാലയമാണ് അവരുടെ ഏക ആശ്വാസം. ഈശോ കുരുന്നുകളെ കണ്ടതുപോലെ നമുക്ക് അവരെ കാണാം. അവരെ സ്നേഹിക്കാം. അവർ നമ്മുടെ സന്തോഷമാണെന്ന് അവരെ ബോധ്യപ്പെടുത്താം. ഇടവകയുടെ സമീപനം എപ്പോഴും അവർക്ക് ബലം നൽകും.

"നിനക്ക് എന്റെ കൃപ മതി" എന്ന പൗലോസ് ശ്ലീഹായുടെ വചനം നമ്മെ പ്രചോദിപ്പിക്കട്ടെ. എല്ലാവർക്കും നല്ലൊരു വിശ്വാസ പരിശീലന വർഷം ആശംസിക്കുന്നു. യേശുവിന്റെ വചനം നമ്മുടെ പാദങ്ങൾക്ക് വിളക്കും വഴികളിൽ പ്രകാശവുമായിരിക്കട്ടെ. നമ്മുടെ രൂപതയുടെ വിശ്വാസ പരിശീലന വർഷത്തെ വിശുദ്ധ കാർലോ അക്കുത്തിസ് പുണ്യവാളന് സമർപ്പിക്കുന്നു. വിശുദ്ധന് കുഞ്ഞുങ്ങളുടെ ഭാഷയും അവരുടെ മനോഭാവവും ഒത്തിരി പരിചിതമാണല്ലോ. വിശുദ്ധരായ കുഞ്ഞുങ്ങൾ നമ്മുടെ ഭവനങ്ങളിലും പ്രകാശം വർഷിക്കട്ടെ.

സ്നേഹപൂർവ്വം,

സെബാസ്റ്റ്യൻ പിതാവ്
മണ്ഡ്യ രൂപതയുടെ ഇടയൻ

*ഈ സർക്കുലർ **2026, June 7**-ാം തീയതി ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാന മദ്ധ്യേ വായിക്കുകയും സോഷ്യൽ മീഡിയ വഴി പരമാവധി ഷെയർ ചെയ്യാനും ശ്രദ്ധിക്കുമല്ലോ.*